Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 8/2020**

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, കുട്ടികളേ,**

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ ജൂൺ മാസത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. തിരുഹൃദയജപമാല പ്രാർത്ഥിച്ചും തിരുഹൃദയപ്രതിഷ്ഠ നവീകരിച്ചും വണക്കമാസപ്രാർത്ഥനകൾ ചൊല്ലിയും തിരുഹൃദയഭക്തിയിൽ വളരുവാൻ ഈ മാസാചരണം നമ്മെ എല്ലാവരെയും സഹായിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഈ തിരുഹൃദയമാസത്തിൽ മൂന്ന് കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയിൽ വളരുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്നതാണ്. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമ്മുടെ ആത്മീയ ജീവിതത്തെ ഒത്തിരിയേറെ സ്വാധീനിക്കുന്ന ഒന്നാണ്. നമ്മുടെ കർത്താവായ ഈശോയോടുള്ള ഭക്തിതന്നെയാണിത്. നമ്മുടെ രക്ഷകനും നാഥനുമായ ഈശോയോട് ആഴമായ ഒരു വ്യക്തിബന്ധം വളർത്തിയെടുക്കുവാൻ ഈ ഭക്തി നമ്മെ സഹായിക്കും. നമ്മുടെ എല്ലാ ഭവനങ്ങളും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണ്. ഭവനങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഈശോയുടെ തിരുഹൃദയരൂപത്തിങ്കൽ വന്നാണ് നമ്മൾ സന്ധ്യാപ്രാർത്ഥനകൾ നടത്തുന്നതും പ്രത്യേക അവസരങ്ങളിൽ പ്രാർത്ഥിക്കുന്നതും. നമ്മുടെ കുടുംബങ്ങളിൽ ഈശോയ്ക്കുള്ള സ്ഥാനമാണ് ഇത് വ്യക്തമാക്കുന്നത്. ഈ സ്ഥലം അതിന്റെ പരിശുദ്ധിയിൽ സൂക്ഷിക്കാനും ഈശോയുടെ സാന്നിദ്ധ്യം അനുഭവിക്കത്തക്കവിധം മനോഹരമായി അലങ്കരിച്ചു പരിരക്ഷിക്കുവാനും എല്ലാവരും ശ്രദ്ധിക്കണം. ഈശോ നമ്മുടെ കുടുംബത്തിന്റെ നാഥനാണെന്ന ബോധ്യത്തോടെ അവിടുത്തോടുള്ള ബന്ധത്തിൽ ആഴപ്പെട്ടു വളരാൻ ഈ കാര്യങ്ങൾ നമ്മെ സഹായിക്കും.

നമ്മൾ ഇന്ന് ഒത്തിരിയേറെ വിഷമങ്ങളിലൂടെയും ബുദ്ധിമുട്ടുകളിലൂടെയും കടന്നുപോവുകയാണ്. രോഗങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു. ഈ അവസരങ്ങളിലെല്ലാം "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന ഈശോയുടെ വാക്കുകൾ നമ്മുടെ ഹൃദയങ്ങളിൽ മുഴങ്ങിനിൽക്കണം. നമ്മുടെ ജീവിതത്തിന്റെ ഏതവസ്ഥയിലും നമ്മെ ആശ്വസിപ്പിക്കാനും ശക്തിപ്പെടുത്തുവാനും സംരക്ഷിക്കാനും കഴിവുള്ള യേശുനാഥൻ നമ്മുടെ കൂടെയുണ്ട് എന്ന ബോധ്യം നമുക്ക് ആശ്വാസം നൽകും, ശക്തി പ്രദാനം ചെയ്യും. നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഈശോയുടെ തിരുഹൃദയരൂപത്തിങ്കൽ ചെന്ന് പ്രശ്നങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുവാനും നമുക്ക് സന്തോഷങ്ങളും വിജയങ്ങളും വരുമ്പോൾ അവിടുത്തേയ്ക്കു നന്ദി പറയുവാനും കഴിയണം. അങ്ങനെ ഈശോയുമായുള്ള ഒരു വ്യക്തിബന്ധത്തിൽ വളരാൻ ഈ തിരുഹൃദയമാസത്തിൽ പ്രത്യേകം നമുക്ക് ശ്രദ്ധിക്കാം.

തിരുഹൃദയമാസത്തിൽ നമ്മൾ സ്വന്തമാക്കേണ്ട രണ്ടാമത്തെ കാര്യം ദൈവസ്നേഹത്താൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുക എന്നതാണ്. 1673-ൽ വിശുദ്ധ മാർഗരറ്റ് മേരി അലക്കോകിന് ഈശോ പ്രത്യക്ഷപ്പെട്ട് നൽകിയ സന്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്, "മനുഷ്യരെ ഇത്രയധികം സ്നേഹിക്കുന്ന എന്റെ ഹൃദയം കണ്ടാലും, എന്നാൽ, മനുഷ്യർ എത്ര തുച്ഛമായി മാത്രം എന്റെ സ്നേഹം അനുഭവിക്കുന്നു" എന്നതായിരുന്നു. ഈശോയ്ക്ക് മനുഷ്യരോടുള്ള അതിരറ്റ സ്നേഹത്തിന്റെ പ്രതീകമാണ് മുൾമുടിയാൽ ചുറ്റപ്പെട്ടതും കത്തിജ്വലിക്കുന്നതുമായ ഈശോയുടെ തിരുഹൃദയം. ആ സ്നേഹം അനുഭവിക്കുന്തോറും നമ്മുടെ ഹൃദയങ്ങളും ദൈവസ്നേഹത്താലും

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

പരസ്നേഹത്താലും ജ്വലിക്കുവാൻ തുടങ്ങും. നമ്മുടെ ഹൃദയത്തിന്റെ മന്ദതയെല്ലാം മാറി നമ്മൾ ഉണർവ്വുള്ളവരായിതീരും. പ്രത്യേകിച്ച്, ലോക്ക് ഡൗണിന്റെ ഈ കാലഘട്ടത്തിൽ നമ്മുടെ വിശ്വാസജീവിതം മന്ദതയുടെ അവസ്ഥയിലേക്ക് മാറുന്ന സാഹചര്യമാണുള്ളത്. ഈ അവസരത്തിൽ തിരുഹൃദയമാസാചരണം ഒരു ആത്മീയജ്വലനത്തിലേക്ക് നമ്മെ നയിക്കാൻ സഹായകമാകും. ഈശോയുടെ തിരുഹൃദയമേ, മന്ദത അനുഭവിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ സ്നേഹാഗ്നിയാൽ ജ്വലിപ്പിക്കണമേയെന്നും നമുക്കു പ്രാർത്ഥിക്കാം.

ഈ മാസത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട മൂന്നാമത്തെ കാര്യം ഈശോയുടെ തിരുഹൃദയത്തിന് അനുരൂപരായിതീരുക എന്നതാണ്. ഈശോ നമ്മോടു പറയുന്നത്: "ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ നിങ്ങൾ എന്റെ നുകം വഹിക്കുകയും എന്നിൽനിന്ന് നിങ്ങൾ പഠിക്കുകയും ചെയ്യുവിൻ" എന്നാണ്. അതിനാൽ, ശാന്തശീലനും വിനീതഹൃദയനുമായ ഈശോയിൽനിന്ന് പഠിക്കാനും അവിടുത്തെ സ്വഭാവഗുണങ്ങൾ സ്വന്തമാക്കി വളരാനും നമുക്ക് കഴിയണം.

നമ്മുടെയൊക്കെ ജീവിതത്തിൽ പല പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നത് ശാന്തതയില്ലാത്ത നമ്മുടെ തീരുമാനങ്ങളും വാക്കുകളും പ്രവൃത്തികളും വഴിയാണ്. ശാന്തതയില്ലാത്ത ഹൃദയത്തോടെ നമ്മൾ എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും തെറ്റിപ്പോകുന്നു. ശാന്തതയില്ലാത്ത മനസ്സോടെ നമ്മൾ പറയുന്ന വാക്കുകൾ പലരേയും മുറിപ്പെടുത്തുന്നു. ശാന്തതയില്ലാതെ നമ്മൾ ചെയ്യുന്ന പ്രവൃത്തികൾ പലതും പ്രശ്നങ്ങളായി മാറുന്നു. അതിനാൽ, ശാന്തശീലനും വിനീതഹൃദയനുമായ ഈശോയിൽനിന്ന് പഠിക്കാൻ ഈ തിരുഹൃദയമാസത്തിൽ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. തിരുഹൃദയജപമാലയിൽ ഓരോ രഹസ്യത്തിന്റേയും അവസാനം നമ്മൾ ചൊല്ലുന്ന സുകൃതജപം ഈയവസരത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. "ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ, എന്റെ ഹൃദയം അങ്ങയുടെ ഹൃദയത്തിന് അനുയോജ്യമാക്കണമേ." വളരെ അർത്ഥപൂർണ്ണവും ശക്തവുമായ ഒരു പ്രാർത്ഥനയാണിത്. ഈ തിരുഹൃദയമാസത്തിൽ ഈ സുകൃതജപം ആവർത്തിച്ചു ചൊല്ലുന്നതും വളരെ നല്ലതാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇത് ഉപകാരപ്രദമാണ്.

ജൂൺ 19-ാം തീയതി വെള്ളിയാഴ്ച സാർവ്വത്രികസഭ തിരുഹൃദയതിരുനാൾ ആയി ആചരിക്കുകയാണ്. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ദിനമാണിത്. കാരണം, തിരുഹൃദയതിരുനാൾ ദിനം അതിരൂപതാദിനമായിട്ടാണ് നമ്മൾ ആചരിച്ചുവരുന്നത്. അതിനാൽ, ഈ ദിനം ഭക്തിപൂർവ്വം ആചരിക്കുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. കൊറോണരോഗബാധയുടെ പ്രത്യേക സാഹചര്യത്തിൽ എല്ലാവർക്കും പള്ളിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുവാനുള്ള സൗകര്യങ്ങൾ കുറവാണെങ്കിലും നമ്മുടെ പള്ളികളിൽ അന്നേദിവസം തിരുഹൃദയസ്തുതിക്കായി വിശുദ്ധബലി അർപ്പിച്ച് അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കണം. കുർബാനയെതുടർന്ന്, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് ആരാധന നടത്തുവാനും തിരുഹൃദയപ്രതിഷ്ഠ നടത്തുവാനും എല്ലാ ബ. വൈദികരും ശ്രദ്ധിക്കണം.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

അതുപോലെതന്നെ അന്നേദിവസം സന്ധ്യാപ്രാർത്ഥനകൾക്കുശേഷം എല്ലാ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും അംഗങ്ങൾ എല്ലാവരും തിരുഹൃദയരൂപത്തിന്റെ മുമ്പിൽ ഒരുമിച്ചുകൂടി കുടുംബപ്രതിഷ്ഠ നവീകരിക്കണമെന്നകാര്യവും പ്രത്യേകമായി നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ഇതുവഴി ഈശോയുടെ തിരുഹൃദയത്തിന്റെ സംരക്ഷണയ്ക്ക് ഏല്പിക്കപ്പെട്ടവരാണ് നമ്മളെല്ലാവരും എന്ന ബോധ്യത്തോടെ സന്തോഷത്തോടും സമാധാനത്തോടുംകൂടെ ജീവിക്കുവാൻ ഏവർക്കും ഇടയാകട്ടെ. ഈ തിരുഹൃദയമാസാചരണംവഴി നമ്മുടെ ജീവിതങ്ങളെ ശാന്തവും ധന്യവുമാക്കുവാൻ ഈശോ നാഥൻ എല്ലാവരേയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ A. Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
**മെത്രാപ്പോലീത്തൻ വികാരി**
**എറണാകുളം-അങ്കമാലി അതിരൂപത**

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

N.B.: **2020 ജൂൺ 07 ഞായറാഴ്ച** പള്ളിയിൽ വായിക്കുന്നതിനായുള്ള ഈ സർക്കുലർ ലോക്ക് ഡൗൺ സാഹചര്യമായതിനാൽ ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കുവാനുള്ള ക്രമീകരണങ്ങൾ ബ. വികാരിയച്ചന്മാർ ചെയ്യേണ്ടതാണ്.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

## ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാജപം
### (അതിരൂപതയ്ക്കുവേണ്ടിയുള്ളത്)

ഈശോയുടെ തിരുഹൃദയമേ,/ഞങ്ങളുടെ അതിരൂപതയേയും/അതിരൂപതയിലെ എല്ലാ ഇടവകകളേയും, കുടുംബങ്ങളേയും/അങ്ങയുടെ തിരുഹൃദയത്തിനു ഞങ്ങൾ പ്രതിഷ്ഠിക്കുന്നു./ഞങ്ങളുടെ അതിരൂപതയിൽ/അങ്ങു രാജാവായി വാഴണമേ./ഞങ്ങളുടെ പ്രവൃത്തികളെല്ലാം/അങ്ങു തന്നെ നിയന്ത്രിക്കണമെ./ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം ആശീർവ്വദിക്കുകയും/ഞങ്ങളുടെ പരിശ്രമങ്ങളെ വിജയിപ്പിക്കുകയും ചെയ്യണമെ./ഞങ്ങളുടെ ദുഃഖങ്ങളിൽ ആശ്വാസവും/ആവശ്യങ്ങളിൽ സഹായവും നൽകി/ഞങ്ങളെ അനുഗ്രഹിക്കണമെ./ഞങ്ങളിൽ ആരെങ്കിലും/അങ്ങയെ ഉപദ്രവിപ്പാനിടയായാൽ/ഞങ്ങളോടു ക്ഷമിക്കണമെ. അതിരൂപതയിലെ/എല്ലാ പിതാക്കന്മാരേയും വൈദികരേയും/സമർപ്പിതരേയും അൽമായരേയും/കൃപയിലും സമാധാനത്തിലും/സ്നേഹത്തിലും ഐക്യത്തിലും/കാത്തുകൊള്ളണമെ./അങ്ങയുടെ സ്നേഹാഗ്നിയാൽ/ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കണമെ./അങ്ങയെ കണ്ടാനന്ദിക്കുവാൻ/സ്വർഗ്ഗത്തിലെത്തുന്നതുവരെ/ആത്മീകവും ശാരീരികവുമായ/എല്ലാ ആപത്തുകളിൽനിന്നും/അപകടങ്ങളിൽനിന്നും/എല്ലാവിധ പൈശാചിക ശക്തികളുടെ ഉപദ്രവങ്ങളിൽനിന്നും/ഞങ്ങളെ കാത്തുകൊള്ളണമെ./ആമേൻ.

ഈശോയുടെ തിരുഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

മറിയത്തിന്റെ വിമലഹൃദയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ മാർഗരീത്താ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,

മാർ തോമാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ,

N.B.: ഈ പ്രതിഷ്ഠാജപം മാസാദ്യവെള്ളിയാഴ്ചകളിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും വി. കുർബാനയെ തുടർന്ന് ചൊല്ലേണ്ടതാണ്.